# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-5284 — 24.10.2011-ൽ മറുപടിക്ക്

## വായനശാലകൾക്കും യൂത്ത് ക്ലബ്ബുകൾക്കും സാമ്പത്തിക സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | കുമാരി പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകളുടെ, ബോർഡുമായി ബന്ധപ്പെട്ട പ്രവർത്തനം വിലയിരുത്താറുണ്ട്; |
| (ബി) ഇത്തരം ക്ലബ്ബുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് നിലവിൽ നൽകുന്നത്; | (ബി) ഇത്തരം യുവജന ക്ലബ്ബുകൾ താഴെപ്പറയുന്ന വിവിധ പരിശീലന പദ്ധതികൾക്കും ബോധവൽക്കരണ പരിപാടികൾക്കുമായി സമർപ്പിക്കുന്ന പ്രോജക്ടുകൾ പരിശോധിച്ച് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സാമ്പത്തിക സഹായം നൽകിവരുന്നു.<br>1) സ്വയംതൊഴിൽ പരിശീലനം<br>2) ബോധവൽക്കരണ ക്ലാസ്സുകൾ/സെമിനാറുകൾ<br>3) നേതൃത്വ പരിശീലന ക്യാമ്പുകൾ<br>4) സാഹസിക പരിശീലനങ്ങൾ<br>5) കാർഷിക വികസന പദ്ധതികൾ<br>6) നാടൻകലാപരിശീലനം<br>7) ക്ലബ്ബുകൾ തയ്യാറാക്കുന്ന ഇതര പ്രോജക്ടുകൾ; |
| (സി) രജിസ്റ്റർ ചെയ്ത് പത്ത് വർഷം പിന്നിട്ട ക്ലബ്ബുകൾക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനും സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ